പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3860**

**25.06.2013**-ൽ മറുപടിയ്ക്ക്

കാടാമ്പുഴയിലെ ബാംബൂ കോർപ്പറേഷന്റെ പ്രോസസിംഗ് യൂണിറ്റ്

ചോദ്യം

ഡോ. കെ.ടി. ജലീൽ

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| (എ) | മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ബാംബൂ കോർപ്പറേഷന്റെ പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിനായി അസംസ്കൃത വസ്തുവിന്റെ പൂർണ്ണമായ ലഭ്യതയും മെഷിനറികളുടെ കുറ്റമറ്റ പ്രവർത്തനവും ഉറപ്പാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എ) & (ബി) ഉണ്ട്. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മുളകൊണ്ടു നിർമ്മിക്കുന്ന നല്ലളത്തെ ടൈൽ ഫാക്ടറിയുടെ ഫീഡർ/പ്രോസസിംഗ് യൂണിറ്റുകളായി സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരംഭിച്ച യൂണിറ്റുകളിൽ ഒന്നാണ് കാടാമ്പുഴയിൽ പ്രവർത്തിക്കുന്ന പ്രോസസിംഗ് യൂണിറ്റ്. വിഭാവന ചെയ്യപ്പെട്ടിരുന്നതുപോലെ നല്ലളം ഫാക്ടറിയുടെ പ്രവർത്തനം വിവിധ കാരണങ്ങളാൽ ഇനിയും പൂർണ്ണമായിട്ടില്ല. അപാകതകൾ പരിഹരിച്ച് നല്ലളം ഫാക്ടറി പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ച ടൈൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനമാന്ദ്യം കാരണം നാല് ഫീഡർ യൂണിറ്റുകളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വച്ചിരുന്നു. ഘട്ടം ഘട്ടമായി മൂന്ന് യൂണിറ്റുകളുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കാടാമ്പുഴ പ്രോസസിംഗ് യൂണിറ്റ് പ്രവർത്തന |

| | | | |
|---|---|---|---|
| | | | സജ്ജമാക്കാൻ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) | എങ്കിൽ ഇതിൻമേൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | എന്നത്തേയ്ക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ ? | (സി) | 2013 സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ പ്രവർത്തനം പുനരാരംഭിക്കാനാകും എന്നു പ്രതീക്ഷിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ